## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

---

വിഷയം:- ആ.വ.ഡ.-ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമായ സ്ഥലംമാറ്റ അപേക്ഷകൾ
2. ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്ത അന്തർജില്ലാ സ്ഥലംമാറ്റ ഒഴിവുകൾ

**ഉത്തരവ് നം: ഇ.എഫ്.1-2648/2026/ആവഡ തീയതി: 12-03-2026**

---

പരാമർശം(1) പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും ജില്ലയും | സ്ഥലം മാറ്റം അനുവദിക്കുന്ന ജില്ല |
|---|---|---|---|
| 1 | ശ്രീമതി.പുഷ്പാഭായി.എ, PEN 721148 | സാമൂഹ്യാരോഗ്യ കേന്ദ്രം, കീച്ചേരി,എറണാകുളം | തിരുവനന്തപുരം |
| | ശ്രീമതി.റിനി.ബി | | |

| | | | |
|---|---|---|---|
| 2 | PEN 479162 | ജനറൽ ആശുപത്രി, കോട്ടയം | കൊല്ലം |
| 3 | ശ്രീമതി.സജിത.എം,<br>PEN 895741 | പ്രാഥമികാരോഗ്യ കേന്ദ്രം,<br>കാന്തല്ലൂർ, ഇടുക്കി | പത്തനംതിട്ട |
| 4 | ശ്രീ.അനീഷ് പി.ആർ<br>PEN 760447 | സാമൂഹ്യാരോഗ്യ കേന്ദ്രം,<br>പുറപ്പുഴ,ഇടുക്കി | കോട്ടയം |

സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉചിതമായ നിയമനം നൽകേണ്ടതാണ്. സ്ഥലംമാറ്റം ലഭിച്ച ജില്ലയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ, ടി തസ്തികയിലെ സീനിയോറിറ്റി പ്രസ്തുത ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ആ തീയതിയിൽ ജില്ലയിൽ നിലവിലുള്ള ഏറ്റവും ജൂനിയറായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാരനു പിന്നിലായിരിക്കും.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമാകുന്ന നിയമന ഉത്തരവും ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിക്കുന്ന വിടുതൽ അനുമതി ഉത്തരവിനും ശേഷം മാത്രം ജീവനക്കാരെ ഓഫീസ് മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ തീയതി, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ/ പ്രവേശന നടപടികൾക്കു ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Digitally signed by
M . Abul Kalam
Date: 12-03-2026
12:35:19

**Abul Kalam M**

**SENIOR ADMINSTRATIVE OFFICER**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
3. ഫയൽ/കരുതൽ ഫയൽ